നിയമവും, ധനകാര്യവും, റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ): ഇല്ല.

ലെവിസിസ്റ്റം

*൪൪൩. (൧൨) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) നെല്ലുവില കൂട്ടുന്നതിനെ സംബന്ധിച്ചു തിരുവിതാംകൂർ–കൊച്ചി സ്റ്റേറ്റിലെ പൊതുജനാഭിപ്രായം എന്താണെന്നു ഗവൺമെണ്ടു് അന്വേഷിച്ചിട്ടുണ്ടോ;

(ബി) നെല്ലുവില കൂട്ടുന്നതു സാധാരണക്കാരനും സ്വന്തമായില്ലാത്തവനും, തൊഴിലാളികളും സങ്കടകരമാണെന്നു ഗവൺമെണ്ടിനറിയാമോ;

(സി) ൧൯ ൽ ൦–ൽ ഈ സ്റ്റേറ്റിൽനിന്നും ഒരേക്കറിൽ കുറഞ്ഞ നിലമുടമസ്ഥന്മാരുടെ പക്കൽനിന്നു എത്ര നെല്ലെടുത്തു;

(ഡി) ഒരേക്കറിൽ കുറഞ്ഞ നിലമുടമസ്ഥന്മാരുടെ വകയായി എത്ര ഏക്കർ സ്ഥലം ഈ സ്റ്റേറ്റിലുണ്ടെന്നു പറയാമോ;

(ഇ) ഒരേക്കറിൽ കൂടുതൽ നിലമുള്ളവരിൽനിന്നു ലെവിസിസ്റ്റംവെച്ചു നെല്ലെടുത്താൽ ഒരാണ്ടിൽ ഈ സ്റ്റേറ്റിൽനിന്നു എത്ര പറ നെല്ലെടുക്കുവാൻ സാധിക്കും?

വിദ്യാഭ്യാസവും, കൃഷിയും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ഉണ്ടു്.

(ബി) വില്ലനവിലയ്ക്കു് വ്യത്യാസം വരാത്തവിധത്തിൽ നെല്ലിന്റെ വാങ്ങുന്ന വില കൂട്ടുന്നതായാൽ അങ്ങനെ ഒരു സങ്കടത്തിനവകാശമില്ല.

(സി) പ്രത്യേകം കണക്കു് എടുത്തിട്ടില്ല. ഏകദേശമാത്രമെ എടുത്തിരിക്കുവാൻ തരമുള്ളു.

(ഡി) ഇപ്പോൾ പറയുവാൻ നിവൃത്തിയില്ല. കണക്കെടുത്തുവരുന്നുണ്ടു്.

(ഇ) കണക്കുകളെല്ലാം തിട്ടപ്പെടുത്തുന്നതുവരെ കൃത്യമായി പറയുവാൻ സാധ്യമല്ല. എന്നാൽ ഇതുവരെയും എടുത്തിരിക്കുന്നതിനേക്കാൾ അല്പമെങ്കിലും കൂടുതൽ എടുക്കുവാൻ സാധിക്കുമെന്നു പ്രതീക്ഷിക്കുന്നു.

ശ്രീ. മാന്നാർ ഗോപാലൻനായർ: പൊതുജനാഭിപ്രായം അന്വേഷിച്ചു എന്നു പറഞ്ഞു. അതു് എങ്ങനെയാണു് അന്വേഷിച്ചതു്?

ശ്രീ. ടി. കെ. നാരായണപിള്ള : ഏതു രീതിയിലാണൊ പൊതുജനാഭിപ്രായം അറിയുന്നതു് ആ രീതിയിൽ തന്നെ അറിഞ്ഞതു്.

ശ്രീ. മാന്നാർ ഗോപാലൻനായർ: ഇപ്പോൾ നെല്ലെടുക്കുന്നതു് ലെവിസിസ്റ്റം അനുസരിച്ചാണോ?

ശ്രീ. ടി. കെ. നാരായണപിള്ള : ലെവിസിസ്റ്റം അനുസരിച്ചാണു്.

ശ്രീ. എ. കെ. പാച്ചുപിള്ള : കൂടുതൽ നെല്ലെടുക്കുവാൻ സാധിക്കുമെന്നു് പ്രതീക്ഷയുള്ളതു് എന്തിനെ അടിസ്ഥാനപ്പെടുത്തിയാണു്?

ശ്രീ. ടി. കെ. നാരായണപിള്ള : ഇതേവരെയുള്ള കണക്കിനെ അടിസ്ഥാനപ്പെടുത്തിയാണു്.

ശ്രീ. എ. കെ. പാച്ചുപിള്ള : ഇതേവരെ നെല്ലെടുത്തിട്ടുള്ളതിന്റെ കണക്കുകൾ കിട്ടിയിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. നാരായണപിള്ള : ഇന്നലെ ഫ ഫ മണിവരെയുള്ള കണക്കുകൾ കിട്ടിയിട്ടുണ്ട്.

ശ്രീ. എ. കെ. പാച്ചുപിള്ള : കഴിഞ്ഞകൊല്ലം ഈ കാലത്ത് എത്ര പറ നെല്ല് കിട്ടി, ഈ സിസ്റ്റം അനുസരിച്ച് ഇപ്പോൾ എത്ര പറ നെല്ല് കിട്ടിയെന്ന പറയുവാൻ സാധിക്കുമോ ?

ശ്രീ. ടി. കെ. നാരായണപിള്ള : കഴിഞ്ഞ കൊല്ലത്തിൽ കിട്ടിയതിലും കൂടുതലായി കിട്ടിയിട്ടുണ്ട്.

ശ്രീ. ടി. കെ. കുഞ്ഞയ്യപ്പൻ : കടിയാന്മാർ പാട്ടം പണമായി കൊടുക്കേണ്ട അവസരം വരാറില്ലേ ?

ശ്രീ. ടി. കെ. നാരായണപിള്ള : ഉണ്ട്.

ശ്രീ. ടി. കെ. കുഞ്ഞയ്യപ്പൻ : ആ അവസരം വരുമ്പോൾ നെല്ലുവില കൂട്ടുന്നതായാൽ കടിയാന്മാർ കൂടുതൽ വില കൊടുക്കേണ്ടതായി വരികയില്ലേ ?

(മറുപടിയില്ല)

ശ്രീ. സി. സി. പ്രസാദ് : സർ, ഇപ്പോഴത്തെ പുതിയ സിസ്റ്റം അനുസരിച്ച് ഇനിമേലിൽ കൃഷിക്കാർക്ക് ഒരേക്കറിൽ കുറഞ്ഞ സ്ഥലം മാത്രമെ ഉണ്ടായിരിക്കുകയുള്ളു എന്നു് ഗവണ്മെണ്ട് പ്രതീക്ഷിച്ചിട്ടുണ്ടോ ?

(മറുപടിയില്ല)

ശ്രീ. മാന്നാർ ഗോപാലൻനായർ : ഈ ആണ്ടിൽ കിട്ടിയിട്ടുള്ള നെല്ല് കഴിഞ്ഞ ആണ്ടിൽ കിട്ടിയിട്ടുള്ളതിനേക്കാൾ കൂടുതലോ കുറവോ ?

ശ്രീ. ടി. കെ. നാരായണപിള്ള : അറിഞ്ഞുകൂടാ.

ശ്രീ. സി. വി. ഇയ്യു : കൊച്ചിയിൽ ലെവിസിസ്റ്റത്തിനു് പൊതുവെ എതിർപ്പാണുള്ളതെന്നും അതു് സാധുകർഷകന്മാർക്ക് ദോഷമായി പരിണമിക്കുന്നുവെന്നും ഗവണ്മെണ്ടിനു് അറിയാമോ ?

Mr. Speaker : It is an inference. The question cannot be allowed.

ശ്രീ. പി. നാണു : ഒരേക്കർ സ്ഥലമുള്ള കൃഷിക്കാരെ ലെവിസിസ്റ്റത്തിൽ നിന്നു ഒഴിവാക്കുന്നുണ്ടോ ?

ശ്രീ. ടി. കെ. നാരായണപിള്ള : ഇല്ല.

ശ്രീ. ടി. വി. തോമൻ : ഒരേക്കറിൽ കൂടുതൽ ഇല്ലാത്ത കൃഷിക്കാരെ ലെവിസിസ്റ്റത്തിൽനിന്നും ഒഴിവാക്കുവാൻ ദയവുണ്ടാകുമോ ?

ശ്രീ. ടി. കെ. നാരായണപിള്ള : ഒരേക്കറിൽ കുറവാണെങ്കിൽ റൂംസ് അനുസരിച്ചു നെല്ല് എടുക്കുകയുള്ളു.

ശ്രീ. ഇട്ടീര അമ്പൂക്കൻ : ഒരേക്കർ നിലത്തിൽ എത്ര നെല്ലുണ്ടാകുമെന്നു ഗവണ്മെണ്ടിനു് അറിയാമോ ?

ശ്രീ. ടി. കെ. നാരായണപിള്ള : നെല്ലുണ്ടാകുന്നതു് മാരോ സ്ഥലത്തേയും സ്ഥിതിയനുസരിച്ചിരിക്കും.

എം. എൽ. എ.മാരുടെ മെമ്മോറാണ്ടം

*൪൪൭. (ഫ നു) ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ് : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) ഫ നു—ഫ ൧—ഫ ൯൪൯–ൽ ഈ നിയമസഭയിലെ ഫവ് സാമാജികന്മാർ ഒപ്പിട്ട ഒരു മെമ്മോറാണ്ടം ബഹുമാനപ്പെട്ട ഫിഷറീസ് വകുപ്പുമന്ത്രി മുമ്പാകെ സമർപ്പിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly